10. ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർ
11. അസി. കോർഡിനേറ്റർമാർ
12. ഓഫീസ് അസിസ്റ്റന്റ്
13. പേഴ്സണൽ അസിസ്റ്റന്റ്
14. ഡോക്യുമെന്റേഷൻ അസിസ്റ്റന്റുമാർ
15. കമ്പ്യൂട്ടർ ഓപ്പറേറ്റർ
16. സെക്യൂരിറ്റി
17. ഡ്രൈവർ
18. പ്യൂൺ
19. സ്വീപ്പർ

ഒരു മാസത്തെ ആകെ ശമ്പളം 3.25 ലക്ഷം രൂപ.

ജില്ലാ സാക്ഷരതാമിഷൻ ജീവനക്കാർ:

1. സ്പെഷ്യൽ അസിസ്റ്റന്റുമാർ .. 14
2. മെസഞ്ചർമാർ .. 14

ഒരു മാസത്തെ ശമ്പളം 56,000 രൂപ.

പ്രേരക്, അസിസ്റ്റന്റ് പ്രേരക്മാർ .. 8000

ഒരു മാസത്തെ ആകെ ഓണറേറിയം 51.5 ലക്ഷം രൂപ.

(ജി) സംസ്ഥാന സാക്ഷരതാമിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഞ്ച് പേർ ജോലി ചെയ്തുവരുന്നു. (സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു). †

ജില്ല ഇൻഫർമേഷൻ/ പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ ഒഴിവുകൾ

154 [5137] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പി.എസ്.സി. വഴി ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നേരിട്ട് നിയമിച്ചിട്ട് എത്ര കാലമായി എന്നു വെളിപ്പെടുത്തുമോ;

(സി) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ഡി) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരായി സംസ്ഥാനത്ത് നിലവിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; ഇവരെല്ലാംതന്നെ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണോയെന്നു വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ ഒഴിവുകൾ സംസ്ഥാനത്ത് ഉണ്ടെങ്കിൽ അവ രേഖാമൂലം പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ നിലവിലില്ല.

(ബി) 1991-നുശേഷം നേരിട്ട് നിയമനം നടത്തിയിട്ടില്ല.

(സി) ടി തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേനയും നേരിട്ടും നിയമനം നടത്തുന്നുണ്ട്. ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനു ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദമാണ് യോഗ്യത.

നേരിട്ടുള്ള നിയമനത്തിന് ടി യോഗ്യത കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്:

(1) ഒരു സർക്കാർ പബ്ലിസിറ്റി ഓർഗനൈസേഷനിലോ, പബ്ലിസിറ്റി വകുപ്പിലോ, സ്വകാര്യ സ്ഥാപനങ്ങളിലോ, ദിനപത്രങ്ങളിലേയോ ന്യൂസ് ഏജൻസികളിലേയോ എഡിറ്റോറിയൽ സ്റ്റാഫിലോ, പബ്ലിസിറ്റി ഓഫീസർ/പബ്ലിക് റിലേഷൻസ് ഓഫീസർ/ഇൻഫർമേഷൻ ഓഫീസർ/ഇൻഫർമേഷൻ അസിസ്റ്റന്റ്/എഡിറ്റർ/എഡിറ്റോറിയൽ അസിസ്റ്റന്റ് ആയോ പ്രചരണ സാമഗ്രികൾക്കും പുസ്തകങ്ങൾക്കും വേണ്ടി ലഘുലേഖകളും ഫീച്ചറുകളും തയ്യാറാക്കുന്നതിൽ മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

(2) ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കും തിരിച്ചും, തർജ്ജമചെയ്യുന്നതിനും, പ്രസ് ബുള്ളറ്റിനുകൾ, പ്രസ് പബ്ലിസിറ്റി ഹാൻഡ്-ഔട്ട്സ്, സ്ക്രൂട്ടിനി, ന്യൂസ് പേപ്പറുകൾ എന്നിവ തയ്യാറാക്കുന്നതിനും ഉള്ള കിഴിവ്.

(ഡി) നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

(ഇ) ബാധകമല്ല.

## അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന ഡാറ്റാ ബേയ്സ്

155 [5138] ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന എന്തൊക്കെ വിവരങ്ങളാണ് നോർക്ക വകുപ്പിന്റെ കൈവശവും റൂട്ട്സ് എൻ.ആർ.കെ. യുടെ കൈവശവുമുള്ളതെന്ന് വിശദമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന വിപുലമായ ഒരു ഡാറ്റാ ബേയ്സ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly